**''വനത്തിനും ആദിവാസികൾക്കും വിനോദസഞ്ചാരികൾക്കും ഒരുപോലെ ഗുണകരമാകുന്ന നിരവധി പരീക്ഷണങ്ങൾ ഇക്കോടൂറിസം പരിപാടിയുടെ ഭാഗമായി നടക്കുന്നുണ്ട്. കാട് കാണാൻ ആശിക്കുന്നവരെ പോലീസിംഗിലൂടെ തടയുന്നതുകൊണ്ട് കാടിനോട് അഭിനിവേശമുണ്ടാകുന്നതിനുള്ള അവസരമാണ് നഷ്ടമാകുന്നത്. കാടിന്റെ ഗുണഫലങ്ങൾ ജനങ്ങൾ അറിയുന്നതല്ലേ നല്ലത്.''**

**വനംവികസന കോർപ്പറേഷൻ (കെ.എഫ്.ഡി.സി) ഗവിയിലെ ഡിവിഷണൽ മാനേജറും പെരിയാർ കടുവാ സങ്കേതത്തിലെ ഇക്കോ ടൂറിസം പരിപാടികളുടെ മുഖ്യസംഘാടകനുമായ സി.എ. അബ്ദുൾ ബഷീർ പശ്ചിമഘട്ട മേഖലയിലെ പ്രവർത്തനാനുഭവങ്ങൾ സംസാരിക്കുന്നു.**

**സി.എ. അബ്ദുൾ ബഷീർ / ശരത്, റോബിൻ**

# കാട് കാണണം, കാണേണ്ടതുപോലെ

**പശ്ചിമഘട്ട രക്ഷായാത്രയുടെ അനുഭവങ്ങൾ എന്തെല്ലാമാണ്? വനം വകുപ്പ് ഉദ്യോഗസ്ഥനായിരിക്കെ യാത്രയിൽ ഏത് വിധത്തിലാണ് പങ്കാളിയാകാൻ കഴിഞ്ഞത്? പ്രത്യേകിച്ച് വനം വകുപ്പിന് പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളോട് വലിയ താത്പര്യമോ ബന്ധമോ ഉണ്ടായിരുന്ന കാലമായിരുന്നില്ലല്ലോ അത്?**

പശ്ചിമഘട്ടം എന്ന ഭൂഭാഗത്തെക്കുറിച്ചും അത് സംരക്ഷിക്കപ്പെടേണ്ടുന്നതിനെക്കുറിച്ചും ജനങ്ങൾക്ക് വേണ്ടത്ര അറിവുണ്ടായിരുന്ന കാലത്തല്ല പശ്ചിമഘട്ട രക്ഷായാത്ര ആരംഭിക്കുന്നത്. പശ്ചിമഘട്ടം എന്ന ഭൂഭാഗത്തെ അന്ന് ഒന്നായി കണ്ടിരുന്നില്ല. പശ്ചിമഘട്ടം വ്യാപിച്ചുകിടക്കുന്ന പല സംസ്ഥാനങ്ങളിലുള്ള ജനങ്ങളിൽ പശ്ചിമഘട്ടം ഒരു പൊതുപൈതൃകമാണ് എന്ന ചിന്ത ജനിപ്പിക്കാൻ കഴിഞ്ഞു എന്നതാണ് പശ്ചിമഘട്ട രക്ഷായാത്രയുടെ വലിയ നേട്ടം. പശ്ചിമഘട്ടത്തിന് പരിക്കേറ്റാൽ സമൂഹത്തെ ഒന്നടങ്കം അത് ബാധിക്കും എന്ന തിരിച്ചറിവ് ജനങ്ങൾക്കുണ്ടായത് പശ്ചിമഘട്ട രക്ഷായാത്രയെ തുടർന്നാണ്. യാത്ര നടക്കുന്ന സമയത്ത് ഞാൻ മൂന്നാറിൽ ആണ് ജോലി ചെയ്തിരുന്നത്, വനം വികസന കോർപ്പറേഷനിൽ. മൂന്നാറിലൂടെ യാത്ര കടന്നുപോകുന്നുണ്ടായിരുന്നു. അങ്ങനെയാണ് ഞാൻ യാത്രയിൽ പങ്കാളിയായത്. വനസംരക്ഷണ പ്രവർത്തനങ്ങളിൽ ഇന്നുള്ള അത്രത്തോളം വനം വകുപ്പ് സജീവമായിരുന്നില്ലെങ്കിലും പശ്ചിമഘട്ട രക്ഷായാത്രയുമായി പരിസ്ഥിതി തത്പരരായ പല വനംവകുപ്പ് ഉദ്യോഗസ്ഥരും ആത്മാർത്ഥമായി സഹകരിച്ചു. മൂന്നാറിൽ യാത്രയ്ക്ക് വേണ്ട എല്ലാ സൗകര്യങ്ങളും ഒരുക്കുന്നതിന് മുൻകൈയെടുത്തത് ഞങ്ങളാണ്. യാത്രികർക്ക് ഒത്തുകൂടുന്നതിനും വിശ്രമിക്കുന്നതിനുമുള്ള സൗകര്യങ്ങൾക്കായി ഞങ്ങൾ ടാറ്റയെയാണ് ബന്ധപ്പെട്ടത്. ടാറ്റയുടെ ജനറൽ മാനേജരോട് കാര്യങ്ങൾ വിശദീകരിച്ചപ്പോൾ അദ്ദേഹം വലിയ സന്തോഷത്തോടെയാണ് യാത്രികർക്ക്

വേണ്ട സൗകര്യങ്ങളെല്ലാമൊരുക്കാം എന്ന് സമ്മതിച്ചത്. പത്രത്തിലൂടെ യാത്ര വരുന്ന വിവരം അദ്ദേഹം മുമ്പേ അറിഞ്ഞിരുന്നു. പശ്ചിമഘട്ടത്തെ ഉപജീവിച്ചാണ് തങ്ങൾ നിലനിൽക്കുന്നതെന്ന് ടാറ്റയ്ക്ക് നന്നായി അറിയാമായിരുന്നു. വനസംരക്ഷണ പ്രവർത്തനങ്ങൾക്കായി അവർക്ക് ഒരു പ്രത്യേക സംഘടനതന്നെയുണ്ടായിരുന്നു. ടാറ്റ പരിസ്ഥിതി നശിപ്പിക്കുന്നവരാണ് എന്ന് പറയുന്നതിൽ പൂർണ്ണമായും ശരിയില്ല. മൂന്നാറിൽ സെലക്ഷൻ ഫെല്ലിംഗ് (പ്രത്യേകം തിരഞ്ഞെടുത്തുള്ള മരംമുറി) നിലനിന്നിരുന്ന കാലത്ത് അത് നിർത്തലാക്കുന്നതിനായി വലിയ ശ്രമങ്ങൾ ടാറ്റ നടത്തിയിട്ടുണ്ട്. അന്നത്തെ പ്രധാനമന്ത്രിയായിരുന്ന രാജീവ് ഗാന്ധിക്ക് വരെ പരാതി നൽകി ആ സെലക്ഷൻ ഫെല്ലിംഗ് നിർത്തലാക്കുന്നതിൽ ടാറ്റ വളരെയധികം പരിശ്രമിച്ചിട്ടുണ്ട്. 25 വർഷത്തിനിടയിൽ സമീപനങ്ങൾ പലതും മാറിയിട്ടുണ്ടെങ്കിലും പശ്ചിമഘട്ടം സംരക്ഷിക്കപ്പെടണം എന്ന കാര്യത്തിൽ ടാറ്റയ്ക്ക് പോലും മറിച്ച് അഭിപ്രായമുണ്ടായിരുന്നില്ല. വനം നശിപ്പിക്കുന്ന തരത്തിലുള്ള ഇടപെടലുകൾ അവരുടെ ഭാഗത്ത് നിന്നും തൊഴിലാളികളുടെ ഭാഗത്ത് നിന്നും കുറവായിരുന്നു. മൂന്നാറിന്റെ അധഃപതനം തുടങ്ങുന്നത് രാഷ്ട്രീയ നേതൃത്വങ്ങളുടെ പിൻബലത്തോടെയുള്ള കയ്യേറ്റങ്ങൾ ആരംഭിക്കുന്നതോടെയാണ്. അതിന് മുമ്പ് എത്രയോ പതിറ്റാണ്ടുകളായി ശാന്തമായി കിടന്നിരുന്ന സ്ഥലമാണ് മൂന്നാർ. 1979ലാണ് ഞാൻ അവിടെ എത്തുന്നത്. അന്ന് എല്ലാവരും പരസ്പരം അറിയുന്ന, ഊഷ്മളമായ വ്യക്തിബന്ധങ്ങൾ നിലനിന്നിരുന്ന ചെറുപട്ടണമായിരുന്നു മൂന്നാർ. തോട്ടത്തിൽ തൊഴിലെടുത്ത് ജീവിക്കുന്നവരുടെ അധ്വാനത്തിന്റെ വിയർപ്പ് പ്രതിഫലിച്ചിരുന്ന പട്ടണം. എന്നാൽ ഇന്ന് മൂന്നാറിൽ കൂടുതലും കാണുന്നത് അധ്വാനിക്കാതെ കൈവരുന്ന കാശിന്റെ പ്രതിഫലനങ്ങളാണ്.

പശ്ചിമഘട്ട രക്ഷായാത്രയോടൊപ്പം മൂന്നാറിലെത്തിയ സംഘത്തിൽ തമിഴ്നാട്ടിൽ നിന്നുള്ള യാത്രികരുമുണ്ടായിരുന്നു. മൂന്നാറിൽ താമസിക്കുന്നവരിലേറെയും തേയില തോട്ടത്തിൽ പണിയെടുക്കുന്ന തമിഴ് തൊഴിലാളികളായിരുന്നു. തമിഴ്നാട്ടിൽ നിന്നുള്ള സംഘം പൊതുയോഗങ്ങളിലെല്ലാം തമിഴിൽ സംസാരിച്ചിരുന്നതുകൊണ്ട് തമിഴ്തൊഴിലാളികളുമായി നല്ലരീതിയിൽ സംവദിക്കാൻ കഴിഞ്ഞു. അവരെയും ബാധിക്കുന്ന കാര്യങ്ങളാണ് പശ്ചിമഘട്ട രക്ഷായാത്ര പറയുന്നത് എന്ന് അവർക്ക് ബോധ്യപ്പെടാൻ ആ ഇടപെടൽ സഹായകമായി.

**വനംവികസന കോർപ്പറേഷൻ എന്ന ആശയം രൂപപ്പെടുന്നത് എങ്ങനെയാണ്? എന്താണ് വനം വികസനം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. കെ.എഫ്.ഡി.സിയുടെ പ്രധാന പ്രവർത്തനം വനംവകുപ്പിന്റെ കൈവശമുള്ള തോട്ടങ്ങൾ നടത്തുക എന്നതല്ലേ?**

ദേശീയ കാർഷിക കമ്മീഷന്റെ 1971ലെ നിർദ്ദേശപ്രകാരമാണ് കെ.എഫ്.ഡി.സി രൂപീകൃതമാകുന്നത്. വനത്തിന്റെ വ്യാവസായിക ഉപയോഗങ്ങൾ നിർവ്വഹിക്കുന്നതിനുള്ള ഒരു ഏജൻസിയായാണ് കെ.എഫ്.ഡി.സി രൂപീകരിക്കപ്പെടുന്നത്. ഹിന്ദുസ്ഥാൻ ന്യൂസ്പ്രിന്റ് ലിമിറ്റഡ് എല്ലാം പ്രവർത്തനം തുടങ്ങിയ സമയമാണത്. അവർക്ക് മുടങ്ങാതെ അസംസ്കൃതവസ്തുക്കൾ കൊടുക്കുക എന്നത് സർക്കാറിന്റെ ബാധ്യതയായിരുന്നു. ഹിന്ദുസ്ഥാൻ ന്യൂസ്പ്രിന്റിന്റെ അസംസ്കൃത വസ്തുവായ യൂക്കാലി വച്ചുപിടിപ്പിക്കുക എന്നതായിരുന്നു കെ.എഫ്.ഡി.സി ആദ്യം ചെയ്ത പ്രവർത്തനം. പുനലൂരിലെയും തിരുവനന്തപുരത്തെയും വനപ്രദേശങ്ങളിലും മൂന്നാറിലെ ചില പുൽമേടുകളിലുമായിരുന്നു ആദ്യം യൂക്കാലി തോട്ടങ്ങൾ ആരംഭിച്ചത്. വനം സംരക്ഷണം എന്നതിനെക്കുറിച്ച് അധികമാരും ചിന്തിക്കുകയോ പറയുകയോ ചെയ്യാതിരുന്ന കാലമായിരുന്നു അത്. വനത്തിനുള്ളിൽ പോലും മരങ്ങൾ മുറിച്ചുമാറ്റി യൂക്കാലി തോട്ടങ്ങൾ സൃഷ്ടിക്കപ്പെട്ടു. 1980ലെ വനസംരക്ഷണ നിയമം നിലവിൽ വരുന്നതുവരെ അത് തുടർന്നു. വനം വനേതര ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നത് ആ നിയമപ്രകാരം തടയപ്പെട്ടതോടെയാണ് അത്തരം തോട്ടങ്ങളാക്കി മാറ്റൽ പരിപാടി ഇല്ലാതായത്. അതുവരെ, വ്യവസായങ്ങൾക്കാവശ്യമായ അസംസ്കൃത വസ്തുക്കൾ നൽകുന്നതിനുള്ള ഉപാധിമാത്രമായാണ് വനങ്ങൾ പരിഗണിക്കപ്പെട്ടിരുന്നത്. ആ ചിന്താഗതി പ്രബലമായിരുന്ന കാലത്ത് രൂപീകരിക്കപ്പെട്ട ഡിപ്പാർട്ട്മെന്റ് എന്ന നിലയിൽ ഒരുപാട് വനം നശീകരണ പ്രവർത്തനങ്ങൾ കെ.എഫ്.ഡി.സിക്ക് ചെയ്യേണ്ടി വന്നിട്ടുണ്ട്. എന്നാൽ കാര്യങ്ങൾ മനസ്സിലാക്കി വന്നതോടെ നയപരമായ മാറ്റങ്ങളുണ്ടാക്കാൻ ഞങ്ങൾ ശ്രമിച്ചിട്ടുണ്ട്. പല പുൽമേടുകളും പ്ലാന്റേഷനുകളാകാതെ രക്ഷപെട്ടത് അങ്ങിനെയാണ്. ചില സന്ദർഭങ്ങളിൽ പരിസ്ഥിതി പ്രവർത്തകരുടെ ഭാഗത്ത് നിന്നും ചിലയിടങ്ങളിൽ ജനങ്ങളുടെ ഭാഗത്ത് നിന്നുമുണ്ടായിട്ടുള്ള എതിർപ്പും പ്ലാന്റേഷനുകൾ ഒഴിവാകുന്നതിന് കാരണമായിട്ടുണ്ട്. യൂക്കാലി മരം വച്ചാൽ കുടിവെള്ളം വറ്റുമെന്നെല്ലാം ജനങ്ങൾക്കും ബോധ്യമായതോടെ എതിർപ്പുകൾ ശക്തമായി. അതോടെയാണ് ഇക്കോ ടൂറിസം പോലെയുള്ള സുസ്ഥിരമായ വനസംരക്ഷണ പരിപാടികളിലേക്ക് കെ.എഫ്.ഡി.സി മാറിയത്. നിലവിലുള്ള തോട്ടങ്ങൾ നടത്തുക എന്നതല്ലാതെ കാടുവെട്ടിത്തെളിച്ച് പുതിയ തോട്ടങ്ങൾ ഇപ്പോൾ സൃഷ്ടിക്കുന്നില്ല.

**ഗവി ആണല്ലോ താങ്കളുടെ ഇപ്പോഴത്തെ പ്രവർത്തന മേഖല. ഇക്കോ ടൂറിസത്തിന്റെ ഒരു പ്രധാന കേന്ദ്രമായി ഗവി മാറിക്കൊണ്ടിരിക്കുകയാണ്. എന്തെല്ലാമാണ് അവിടെ നടക്കുന്നത്? തോട്ടങ്ങൾക്കാണോ ടൂറിസത്തിനാണോ കെ.എഫ്.ഡി.സി അവിടെ പ്രാധാന്യം നൽകുന്നത്?**

സിരിമാവോ-ശാസ്ത്രി കരാർ പ്രകാരം ശ്രീലങ്കൻ അഭയാർത്ഥികളെ പാർപ്പിച്ച സ്ഥലമാണ് ഗവി. ഈ കരാർ പ്രകാരം ഇന്ത്യയുടെ പല ഭാഗത്തേക്കും ശ്രീലങ്കൻ തമിഴ്വംശജരെ തൊഴിലിനായി വിന്യസിച്ചിരുന്നു. അങ്ങനെ 1977-78 കാലത്ത് ഗവിയിലെത്തിയ ലങ്കക്കാർ അവിടെയുണ്ടായിരുന്ന തോട്ടങ്ങളിലെ പണിക്കാരായി മാറി. 60കളിൽ വനം വകുപ്പ് 150 ഹെക്ടറോളം സ്ഥലത്ത് തുടങ്ങിയ ഏലത്തോട്ടങ്ങളാണ് ഗവിയിലെ തോട്ടങ്ങൾ. നിരന്തരമായ പരിചരണവും സൂക്ഷ്മമായ ശ്രദ്ധയും വേണ്ട ചെടിയാണ് ഏലം. ഏലത്തോട്ടങ്ങൾ തുടങ്ങിയെങ്കിലും അത് പരിചരിക്കുന്നതിനുള്ള സംവിധാനം വനം വകുപ്പിനുണ്ടായിരുന്നില്ല. അത്തരമൊരു പ്രതിസന്ധിയിൽ കുടിങ്ങിപ്പോയ വനം വകുപ്പ് കരാർ പ്രകാരം ഗവിയിലെത്തിയ ലങ്കൻ അഭയാർത്ഥികളെ തൊഴിലാളികളാക്കി മാറ്റി തോട്ടങ്ങൾ നിലനിർത്താൻ ശ്രമിച്ചു. കെ.എഫ്.ഡി.സി നിലവിൽ വന്നതോടെ തോട്ടങ്ങളുടെ നടത്തിപ്പ് ചുമതല അവർക്ക് കൈമാറി. ഏലത്തോട്ടങ്ങളുടെ നടത്തിപ്പ് തന്നെയാണ് കെ.എഫ്.ഡി.സി



യുടെ പ്രധാന പരിപാടി. 95 ശതമാനം ഓർഗാനിക്ക് ആയ ഏലമാണ് ഞങ്ങൾ ഗവിയിൽ ഉത്പാദിപ്പിക്കുന്നത്. ചെടി അഴുകാതിരിക്കാൻ ബോർഡോ മിശ്രിതം തളിക്കുന്നതല്ലാതെ മറ്റ് മാരകമായ കീടനാശിനികൾ ഉപയോഗിക്കുന്നില്ല. കേരളത്തിലെ ആയുർവേദ കമ്പനികൾ പ്രധാനമായും ഞങ്ങളുടെ ഏലം വാങ്ങുന്നത്. നാഗാർജ്ജുനയും കോട്ടയ്ക്കൽ ആര്യവൈദ്യശാലയും വൈദ്യരത്നവുമെല്ലാം നല്ല വില നൽകി ഏലം എടുക്കുന്നുണ്ട്. അരവണയിൽ ചേർക്കുന്നതിനായി ശബരിമലയിലേക്ക് ഏലം കൊണ്ടുപോകുന്നതും ഇവിടെ നിന്നാണ്. ഗവിയിൽ ഇക്കോ ടൂറിസം പരിപാടികൾ ആരംഭിക്കുന്നത് പിന്നീടാണ്. ഇപ്പോൾ വളരെ നല്ല രീതിയിൽ അത് നടക്കുന്നുണ്ട്. വിനോദസഞ്ചാരികളുടെ ആധിക്യം കുറയ്ക്കാനും വനത്തിന് വിനോദസഞ്ചാരം കൊണ്ട് പ്രശ്നങ്ങളുണ്ടാകാതിരിക്കാനും ഇക്കോടൂറിസം ഉപകാരപ്പെട്ടിട്ടുണ്ട്. ഞങ്ങളുടെ ഇക്കോ ടൂറിസം പാക്കേജിലൂടെ കടന്നുപോകുന്ന സഞ്ചാരികളെ മാത്രമെ ഗവിയിലെ വന മേഖലയിൽ പ്രവേശിപ്പിക്കുകയുള്ളൂ. 100 പേരിൽ കൂടുതൽ ഒരു ദിവസം പ്രവേശിപ്പിക്കില്ല. നിയന്ത്രണങ്ങളുള്ള ടൂറിസമാണ് ഗവിയിൽ നടക്കുന്നത്. ടൂറിസ്റ്റുകളിൽ പരിസ്ഥിതി ബോധമുണ്ടാക്കുന്നതരിത്തിലാണ് ഇക്കോടൂറിസം പരിപാടി രൂപകല്പന ചെയ്തിരിക്കുന്നത്.

**വനത്തിനും വനാശ്രിതസമൂഹത്തിനും എന്ത് ഗുണമാണ് ഇക്കോ ടൂറിസം കൊണ്ടുണ്ടാകുന്നത്? പെരിയാർ കടുവാ സങ്കേതത്തിൽ ഇക്കോ ടൂറിസം പരിപാടികൾക്ക് നേതൃത്വം കൊടുത്തവരിൽ ഒരാളെന്ന നിലയിൽ താങ്കളുടെ അനുഭവമെന്താണ്?**

ദോഷകരമായ വനാശ്രിതത്വത്തിൽ നിന്നും ആദിവാസികളെ പിന്തിരിപ്പിക്കുക, വനസംരക്ഷണ പ്രവർത്തനങ്ങളെ അടിസ്ഥാനപ്പെടുത്തിയുള്ള ഉപജീവനം അവർക്ക് നൽകുക എന്നതായിരുന്നു പെരിയാർ കടുവാ സങ്കേതത്തിൽ ആദ്യമായി ഇക്കോടൂറിസം പരിപാടികൾ തുടങ്ങുമ്പോൾ മുന്നിലുണ്ടായിരുന്ന ലക്ഷ്യം. വനാശ്രിത സമൂഹങ്ങളെ മുൻനിർത്തിയുള്ള ഇക്കോ ടൂറിസം പരിപാടികൾ തേക്കടിയിലാണ് പ്രധാനമായു നടക്കുന്നത്. ആദിവാസികളുടെ നേതൃത്വത്തിലുള്ള ഇക്കോ ഡവലപ്മെന്റ് കമ്മിറ്റി (ഇ.ഡി.സി)കളാണ് അതിന് മുൻകൈയെടുക്കുന്നത്. ഇന്ത്യയിലെ ഏഴ് കടുവാ സങ്കേതങ്ങളിലാണ് ഇ.ഡി.സികൾ ആദ്യം നിലവിൽ വരുന്നത്. അതിലൊന്നാണ് പെരിയാർ കടുവാ സങ്കേതത്തിലെ ഇ.ഡി.സി. ഇന്ത്യയിൽ ഇ.ഡി.സികൾ ഏറ്റവും നന്നായി പ്രവർത്തിച്ച സ്ഥലമാണ് തേക്കടിയെന്ന് യു.എൻ.ഡി.പി വരെ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. തേക്കടിയിൽ കമ്മ്യൂണിറ്റി ബെയ്സ്ഡ് ഇക്കോ ടൂറിസം പദ്ധതി രൂപകല്പന ചെയ്ത് നടപ്പിലാക്കുന്നതായിരുന്നു എന്റെ ജോലി. തേക്കടിയിൽ മന്നാൻ സമുദായത്തിൽപ്പെട്ട ആദിവാസികളുടെ ഇ.ഡി.സികൾ നല്ല രീതിയിൽ പ്രവർത്തിച്ചിരുന്നു. ഞങ്ങൾ രൂപകല്പന ചെയ്ത ഇക്കോടൂറിസം പരിപാടികളെല്ലാം വിജയിപ്പിച്ചത് അവരാണ്. ഒരോരുത്തരുടെയും അഭിരുചികൾക്കനുസരിച്ച് ഇ.ഡി.സികൾ തിരഞ്ഞെടുക്കാം. ട്രൈബൽ ട്രാക്കേഴ്സ് എന്ന ഇ.ഡി.സിയിൽ ഉള്ളവരാണ് കാട്ടിലേക്ക് വിനോദ സഞ്ചാരികളെ ട്രക്കിംഗിന് കൊണ്ടുപോകുന്നത്. കാടിനെക്കുറിച്ച് നല്ല ധാരണയുള്ള ആദിവാസികളാണ് ആ ജോലി തിരഞ്ഞെടുക്കുന്നത്. കാടിന്റെ പ്രത്യേകതകളും വന്യമൃഗങ്ങളെക്കുറിച്ചും പക്ഷികളെക്കുറിച്ചുമെല്ലാം അവർ സഞ്ചാരികൾക്ക് പറഞ്ഞുകൊടുക്കുന്നു. ഒപ്പം വനം സംരക്ഷിക്കപ്പെടേണ്ടതിന്റെ ആവശ്യകതയും. പരമ്പരാഗതമായി കാടിനെക്കുറിച്ചുള്ള അവരുടെ അറിവുകൾക്കൊപ്പം, സഞ്ചാരികൾക്ക് പറഞ്ഞുകൊടുക്കുന്നതിനായി കൂടുതൽ വിവരവങ്ങൾ അവർ പഠിക്കാൻ നിർബന്ധിതരായിത്തീർന്നു. ശാസ്ത്രീയമായ അറിവുകൾ അവർ സമാഹരിച്ചുതുടങ്ങി. കാടിനെക്കുറിച്ചുള്ള ശാസ്ത്രീയ അറിവുകൾ തരുന്ന പുസ്തകം ഞങ്ങളുടെ കൈയിൽ നിന്നും വാങ്ങി വായിച്ച് മനസ്സിലാക്കുന്ന തരത്തിലേക്ക് ആദിവാസികൾ വികസിച്ചു. ഷോലക്കാടുകൾ ഭൂമിയുടെ വാട്ടർ ഫാക്ടറിയാണ് എന്ന് സഞ്ചാരികൾക്ക് പറഞ്ഞുകൊടുക്കുന്ന ആദിവാസി ഗൈഡുകളെ ഞാൻ കണ്ടിട്ടുണ്ട്. കാട് സംരക്ഷിക്കപ്പെടണമെന്ന ബോധം അവരുടെ ഉള്ളിൽ വർദ്ധിച്ചു. ആ ബോധം കാട് കാണാനെത്തുന്ന സഞ്ചാരികളിലേക്കും അവർ പകർത്തി. സ്ഥിരമായി ട്രക്കിംഗിനെത്തുന്ന പല പക്ഷിനിരീക്ഷകർക്കും ഫോട്ടോഗ്രാ

**ഷോലക്കാടുകൾ ഭൂമിയുടെ വാട്ടർ ഫാക്ടറിയാണ് എന്ന് സഞ്ചാരികൾക്ക് പറഞ്ഞുകൊടുക്കുന്ന ആദിവാസി ഗൈഡുകളെ ഞാൻ കണ്ടിട്ടുണ്ട്. കാട് സംരക്ഷിക്കപ്പെടണമെന്ന ബോധം അവരുടെ ഉള്ളിൽ വർദ്ധിച്ചു. ആ ബോധം കാട് കാണാനെത്തുന്ന സഞ്ചാരികളിലേക്കും അവർ പകർത്തി. സ്ഥിരമായി ട്രക്കിംഗിനെത്തുന്ന പല പക്ഷിനിരീക്ഷകർക്കും ഫോട്ടോഗ്രാഫർമാർക്കും ഇവർ വലിയ സഹായമായിമാറി.**

ഫർമാർക്കും ഇവർ വലിയ സഹായമായിമാറി. കാടിനെക്കുറിച്ച് നല്ല ധാരണയുള്ള ചില ഗൈഡുകളെ സ്ഥിരമായി ആവശ്യപ്പെടുന്ന പക്ഷി നിരീക്ഷകരുണ്ട്. ഇക്കോ ടൂറിസത്തിന്റെ ഭാഗമായി തൊട്ടിൽ മുതൽ ശവപ്പെട്ടി വരെ എന്ന പേരിൽ നടപ്പിലാക്കിയ ഒരു ട്രൈബൽ ഹെറിറ്റേജ് പരിപാടിയും വലിയ വിജയമായിരുന്നു. മന്നാന്മാരുടെ പരമ്പരാഗത ഉപകരണങ്ങൾ ശേഖരിച്ച്, അവരുടെ വീടിന്റെ അതേ രൂപത്തിൽ ഒരു മ്യൂസിയമുണ്ടാക്കി പ്രദർശിപ്പിക്കുകയായിരുന്നു പരിപാടി. ആദിവാസികളുടെ മുൻ കൈയിൽ നടന്നിരുന്ന ആ മ്യൂസിയത്തിൽ പ്രദർശിപ്പിച്ചിരുന്ന പരമ്പരാഗത ഉപകരണങ്ങളെല്ലാം അവർ തന്നെ അവരുടെ കുടികളിൽ നിന്നും കണ്ടെത്തിതന്നതാണ്. മ്യൂസിയം കാണാനെത്തുന്ന വിനോദ സഞ്ചാരികളോട് കാര്യങ്ങൾ വിശദീകരിച്ചിരുന്നതും അവരാണ്. ഇംഗ്ലീഷ് ഭാഷ അതിനുവേണ്ടി അവർ വശത്താക്കി. പൊതുസമൂഹവുമായി ഇടപെടാൻ കഴിയുന്ന വിധത്തിൽ അവരുടെ കമ്മ്യൂണിക്കേഷൻ സ്കിൽ വർദ്ധിച്ചു. വനത്തിനും ആദിവാസികൾക്കും വിനോദസഞ്ചാരികൾക്കും ഒരുപോലെ ഗുണകരമാകുന്ന ഇത്തരം നിരവധി പരീക്ഷണങ്ങൾ തേക്കടിയിലെ ഇക്കോടൂറിസം പരിപാടിയുടെ ഭാഗമായി നടക്കുന്നുണ്ട്.

**ഇക്കോ ടൂറിസത്തെ ഒരു വരുമാന മാർഗ്ഗമായി കണ്ടുതുടങ്ങുന്നതോടെ അതിന്റെ സ്വഭാവവും മാറില്ലേ? കാട്ടിലേക്കെത്തുന്ന സഞ്ചാരികളുടെ എണ്ണം കൂടുന്നത് കാടിന് ഗുണമാകുമോ? കേരളത്തിൽ പല സ്ഥലത്തും ടൂറിസം കാടിന് ഭീഷണിയായി മാറുന്ന സാഹചര്യത്തെ താങ്കൾ എങ്ങനെ വിലയിരുത്തുന്നു?**

ടൂറിസത്തിന് കുഴപ്പങ്ങളുണ്ടായേക്കാം. എന്നാൽ ഇക്കോ ടൂറിസം അത്തരത്തിൽ കുഴപ്പം പിടിച്ച സംഗതിയായല്ല ഞാൻ കാണുന്നത്. പരിസ്ഥിതി വിദ്യാഭ്യാസത്തിനുള്ള ഒരു മാർഗ്ഗമായാണ് ഇക്കോ ടൂറിസത്തെ ഞാൻ പരിഗണിക്കുന്നത്. എന്റെ അനുഭവവും അത്തരത്തിലുള്ളതാണ്. വഴിവിട്ട ടൂറിസത്തിന്റെ മേൽ കർശനമായ ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തുകായാണ് ഇക്കോ ടൂറിസം ചെയ്യുന്നത്. ടൂറിസം പദ്ധതി നടക്കുന്ന പ്രദേശത്തിന്റെ വഹനശേഷിക്ക് അനുസരിച്ചാണ് ഇക്കോ ടൂറിസം പരിപാടികൾ എത്രപേരെ പ്രവേശിപ്പിക്കാം എന്ന് നിശ്ചയിച്ചിരിക്കുന്നത്. ആ നിയന്ത്രണങ്ങൾ പാലിക്കാതെ ഇക്കോ ടൂറിസത്തിൽ നിങ്ങൾക്ക് പങ്കാളികളാകാൻ കഴിയില്ല. വിനോദസഞ്ചാരിയുടെ വിനോദത്തെ പരിസ്ഥിതി ബോധവത്കരണത്തിന്റെ തലത്തിലേക്ക് ഉയർത്തുകയാണ് ഇക്കോ ടൂറിസം ചെയ്യുന്നത്. ഞങ്ങൾ അതിനുവേണ്ടി ബോധപൂർവ്വം ശ്രമിക്കുന്നുണ്ട്. കാട് നിലനിൽക്കേണ്ടുന്നതിന്റെ ആവശ്യകതയെക്കുറിച്ച് ഇക്കോ ടൂറിസം പദ്ധതിയുടെ ഭാഗമാകുന്ന ടൂറിസ്റ്റുകൾക്ക് ബോധ്യമാകുന്ന തരത്തിലാണ് അത് രൂപകല്പന ചെയ്തിരിക്കുന്നത്. മനുഷ്യന്റെ നിലനിൽപ്പുമായി ബന്ധപ്പെടുത്തി പരിസ്ഥിതിയെ മനസ്സിലാക്കാൻ, കാടിനെ അറിയാൻ അവർക്ക് കഴിയുന്നു. ആദിവാസി സമൂഹങ്ങൾക്കുണ്ടാകുന്ന നേട്ടമാണ് മറ്റൊരു പ്രധാനകാര്യം. അവരുടെ വനാശ്രിതത്വം കുറയ്ക്കാൻ ഇക്കോ ടൂറിസത്തിന് കഴിഞ്ഞിട്ടുണ്ട്. ആദിവാസികളെ വരുമാനം വർദ്ധിക്കുകയും ജീവിതഗുണനിലവാരം മെച്ചപ്പെടുകയും ചെയ്തിട്ടുണ്ട്. ഗവിയിൽ ഞങ്ങൾക്ക് ഏലം ഉണക്കുന്നതിനുള്ള ബ്ലോവർ വാങ്ങാനുള്ള പണം കണ്ടെത്താൻ കഴിഞ്ഞത് ഇക്കോ ടൂറിസത്തിൽ നിന്നുള്ള വരുമാനം കൊണ്ടാണ്. മഴക്കാലത്ത് ഏലം ഉണക്കുന്നത് വലിയ പ്രയാസമുള്ള കാര്യമായിരുന്നു. അതിനുള്ള വൈദ്യുതി ആവശ്യങ്ങൾ കണ്ടെത്തുന്നതിനായി ഒരു മൈക്രോ ഹൈഡൽ പദ്ധതിയും ഞങ്ങൾ വൈകാതെ തുടങ്ങും. ജൈവമാലിന്യത്തിൽ നിന്നും ഉത്പാദിപ്പിക്കുന്ന ബയോഗ്യാസാണ് ഇപ്പോൾ ഗവിയിൽ ഇക്കോ ടൂറിസം ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന ഇന്ധനം. അടുക്കളയിൽ നിന്നും വരുന്ന വെള്ളം ഞങ്ങൾ തോട്ടം നനയ്ക്കാനായാണ് ഉപയോഗിക്കുന്നത്. അത്തരം പ്രശ്നങ്ങൾ കൂടി അഭിമുഖീകരിക്കാൻ ഇക്കോ ടൂറിസത്തിന് കഴിയുന്നുണ്ട്.

നാല് നെടും തൂണുകളാണ് ഇക്കോ ടൂറിസം പദ്ധതിക്കായി വിഭാവനം ചെയ്തിരിക്കുന്നത്. ഒന്ന് പ്രത്യക്ഷമായോ പരോക്ഷമായോ ജൈവവൈവിധ്യ സംരക്ഷണത്തെ സഹായിക്കുന്നതാകണം. രണ്ട്, സാമ്പത്തികമായി പ്രായോഗികമായിരിക്കണം. മൂന്ന്, സാമൂഹിക അംഗീകാരമുണ്ടായിരിക്കണം. നാല്, തദ്ദേശീയ സമൂഹത്തിന് ഉപകാരപ്രദമാകണം. ഈ നാല് കാര്യങ്ങളും പാലിച്ചാൽ മാത്രമെ അത് ഇക്കോ ടൂറിസമാകൂ. ഇവ മനസ്സിൽ വച്ചുവേണം ഇക്കോടൂറിസം പദ്ധതികൾ വിഭാവനം ചെയ്യേണ്ടത്. ഫൈവ് സ്റ്റാർ ഹോട്ടലുകാർ ഓലപ്പുര കെട്ടി തട്ടുകട തുടങ്ങിയിട്ട് ഇക്കോ ടൂറിസം എന്ന് പരസ്യം ചെയ്താൽ അത് ഇക്കോ ടൂറിസമാകില്ല. തദ്ദേശീയരുടെ എന്ത് പങ്കാളിത്തമാണ് അതിലുള്ളത്? തദ്ദേശീയ സമൂഹത്തിന്റെ ജീവിത നിലവാരം മെച്ചപ്പെടുന്നതിനനുസരിച്ച് പല തിന്മകളും അവരിലേക്ക് കടന്നുകൂടാറുണ്ട്. മദ്യപാനവും ഉപഭോഗ സംസ്കാരവുമെല്ലാം കൂടുന്നതായി പലരും പരാതി പറയാറുണ്ട്, പ്രത്യേകിച്ച് ആദിവാസി സമൂഹങ്ങൾക്കിടയിൽ. അത്തരം പ്രശ്നങ്ങൾ ഉള്ളപ്പോൾ പോലും അവരെ സാമൂഹികമായി ശാക്തീകരിക്കാൻ ഇക്കോ ടൂറിസം പരിപാടിക്ക് കഴിഞ്ഞിട്ടുണ്ട്. പൊതുസമൂഹവുമായി അവർക്ക് കുറച്ചുകൂടി ആത്മവിശ്വാസത്തോടെ ബന്ധപ്പെടാൻ കഴിയുന്നുണ്ട്. നല്ല വിദ്യാഭ്യാസം തേടാനുള്ള സാഹചര്യമുണ്ടായിട്ടുണ്ട്. സാമൂഹിക തിന്മകളുടെ വ്യാപനം തടയാൻ മറ്റ് മാർഗ്ഗങ്ങളാണ് അവലംബിക്കേണ്ടത്. കൂലിപ്പണിക്കാരായി മാറേണ്ടിവന്ന ആദിവാസികളെ അവരുടെ പരമ്പരാഗത ജീവിതരീതിയുമായി ബന്ധപ്പെട്ട തൊഴിലുകളിലേക്കും ജീവിതമാർഗ്ഗങ്ങളിലേക്കും എത്തിക്കാൻ കഴിഞ്ഞു എന്നതാണ് ഇക്കോ ടൂറിസത്തിന്റെ വലിയ നേട്ടമായി എനിക്ക് അനുഭവപ്പെടുന്നത്.

**ഇക്കോ ടൂറിസവും ടൂറിസവും കൃത്യമായി വേർതിരിക്കപ്പെടുന്നുണ്ടോ? പല സ്ഥലങ്ങളിലും ഇക്കോ ടൂറിസം പദ്ധതിയുടെ ഭാഗമല്ലാതെയുള്ള ടൂറിസവും വലിയ കച്ചവടമായി മാറുന്നുണ്ട്. ഉദാഹരണമായി തേക്കടി. തേക്കടി ബോട്ട് ദുരന്തം പോലും ഒരു ടൂറിസം ദുരന്തമായിരുന്നില്ലേ?**

തേക്കടിയിൽ ഇക്കോ ടൂറിസം പ്രശ്നങ്ങളൊന്നുമുണ്ടാക്കുന്നില്ല. സ്വകാര്യ ടൂറിസമാണ് അവിടെ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നത്. താങ്ങാൻ കഴിയാവുന്നതിനപ്പുറം ആളുകൾ വരുന്നതാണ് പ്രശ്നം. ബോട്ടിംഗിന്റെ കാര്യത്തിൽ പല നിയന്ത്രണങ്ങളും ഇപ്പോൾ കൊണ്ടുവന്നിട്ടുണ്ട്. ബോട്ടിംഗിന്റെ ദൂരപരിധി കുറച്ചിട്ടുണ്ട്. കർശനമായി അടച്ചുസൂക്ഷിക്കുന്നതിനേക്കാൾ നിയന്ത്രണത്തോടെയുള്ള പ്രവേശനമുള്ളതാണ് എപ്പോഴും നല്ലത്. കാട്ടിലേക്കുള്ള നിയന്ത്രിതമായ പ്രവേശനത്തിലൂടെ കാട് നിലനിൽക്കേണ്ടുന്നതിനെക്കുറി



ഫോട്ടോ: സന്ദീപ് ദാസ്

ച്ചുള്ള അറിവ് സഞ്ചാരികൾക്ക് നൽകാനാണ് നമ്മൾ ശ്രമിക്കേണ്ടത്. കാട്ടിനുള്ളിൽ ജോൺസി മാഷ് നടത്തിയ പ്രകൃതി സഹവാസ ക്യാമ്പുകൾ പകർന്നുനൽകിയ അറിവുകളാണല്ലോ കേരളത്തിന്റെ പരിസ്ഥിതി ചരിത്രത്തപ്പോലും മാറ്റിയെഴുതിയത്. അന്ന് കാടുകണ്ടവരും കാടിനെ അറിഞ്ഞവരുമാണല്ലോ പിന്നീട് പരിസ്ഥിതി പ്രവർത്തനത്തിൽ സജീവമായത്. കാടിനോടുള്ള അഭിനിവേശം അവർക്കുണ്ടായത് കാട് കണ്ടറിഞ്ഞതുകൊണ്ടുതന്നെയാണ്. പശ്ചിമഘട്ട രക്ഷായാത്രയും മറ്റൊരു വിധത്തിൽ അതാണ് ചെയ്തത്. അന്നത്തെ യാത്രികരെല്ലാം തങ്ങളുടേതായ രീതിയിൽ ഇന്നും കാട് സംരക്ഷിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നു. ജനങ്ങളെ പൂർണ്ണമായും കാട്ടിൽ നിന്നും അകറ്റി നിർത്തുന്നത് ശരിയല്ല എന്നുതന്നെയാണ് ഈ അനുഭവങ്ങൾ മനസ്സിലാക്കിത്തരുന്നത്. കാട് കാണാൻ ആശിക്കുന്നവരെ പോലീസിംഗിലൂടെ തടയുന്നതുകൊണ്ട് കാടിനോട് അഭിനിവേശമുണ്ടാകുന്നതിനുള്ള അവസരമാണ് നഷ്ടമാകുന്നത്. കാടിന്റെ ഗുണഫലങ്ങൾ ജനങ്ങൾ അറിയുന്നതല്ലേ നല്ലത്. പങ്കാളിത്തത്തോടെയുള്ള വിഭവ പരിപാലനം എന്ന ലക്ഷ്യത്തിലേക്ക് വികസിക്കുന്ന നമുക്ക് അതുതന്നെയാണ് വേണ്ടത്. ഇക്കോ ടൂറിസം അതിനുള്ള അവസരമാണ്.

**തെന്മലയിൽ എന്താണ് സംഭവിച്ചത്. ഇക്കോ ടൂറിസം പരിപാടി അവിടെ പാടെ പരാജയപ്പെട്ടല്ലോ?**

ദർശനത്തിന്റെ കുറവാണ് പ്രശ്നമായത്. ദർശനത്തിനനുസരിച്ച് പ്രവർത്തനപദ്ധതി രൂപപ്പെടുകയാണ് വേണ്ടത്. പ്രാദേശിക ജനതയുടെ അനുഭവങ്ങളിൽ നിന്നും പഠിക്കാനുള്ള ശ്രമം തെന്മലയിലുണ്ടായില്ല. നമ്മുടെ ദർശനവും പ്രാദേശികമായ അനുഭവങ്ങളും കൂട്ടിയോജിപ്പിച്ച് പദ്ധതി രൂപകല്പന ചെയ്യണം. മുകളിൽ നിന്നും രൂപകല്പന ചെയ്ത പദ്ധതി താഴേക്ക് അടിച്ചേൽപ്പിക്കുകയാണ് തെന്മലയിൽ നടന്നത്. അതാണ് പരാജയത്തിനുള്ള കാരണവും. അടിത്തട്ടിൽ നിന്നും മുകളിലേക്കുള്ള സമീപനമാണ് ഇക്കോ ടൂറിസത്തിന്റെ കാര്യത്തിൽ വേണ്ടത്.

**വിനോദ സഞ്ചാരികൾക്ക് മനഃപരിവർത്തനമുണ്ടാകുന്നതായി തോന്നിയിട്ടുണ്ടോ?**

പരിസ്ഥിതി സ്നേഹമുള്ളവരാണ് സാധാരണ ഇക്കോ ടൂറിസം പരിപാടി തിരഞ്ഞെടുത്ത് എത്താറുള്ളത്. അല്ലാത്തവരുടെയും എണ്ണം ഇപ്പോൾ കൂടുന്നുണ്ട്. പരിസ്ഥിതിയോടുള്ള താത്പര്യം കൂടുന്നുണ്ട് എന്നുതന്നെയാണ് അതിൽ നിന്നും വ്യക്തമാകുന്നത്. എന്നാലും മലയാളി ടൂറിസ്റ്റുകൾ നിയമങ്ങൾ പാലിക്കുന്നതിൽ പലപ്പോഴും മടികാണിക്കുന്നതായാണ് എന്റെ അനുഭവം. പ്ലാസ്റ്റിക് കാട്ടിനുള്ളിൽ വലിച്ചെറിയരുത് എന്ന് എത്രയോ തവണ പറഞ്ഞിട്ടും നമുക്ക് പാലിക്കാൻ മടിയാണ്. കാട്ടിനുള്ളിൽ മദ്യപിക്കാൻ പാടില്ല എന്നുപറഞ്ഞാൽ, എന്നാൽ മദ്യപിച്ചിട്ടുതന്നെ കാര്യം എന്നതാണ് സമീപനം. ഇതേ ആളുകൾ തന്നെ ഇന്ത്യയ്ക്ക് പുറത്തുള്ള പല നാഷണൽ പാർക്കുകളിലും പോകുമ്പോൾ നിയമം കർശനമായി പാലിക്കുന്നത് കണ്ട് ഞാൻ അന്തം വിട്ടിട്ടുണ്ട്. ഉല്ലാസയാത്രയുടെ മാനസികാവസ്ഥയുമായാണ് പലരും കാട്ടിലെത്തുന്നത്. കാടിനെ അറിയുന്നത് ഉല്ലാസമായി മാറണം. ഇക്കോ ടൂറിസത്തിന്റെ പരിപാടികൾ അത്തരത്തിലുള്ളതാണ്. അതുകൊണ്ടുതന്നെ

**പ്രകൃതിവിഭവങ്ങൾക്ക് മേലുള്ള അധിനിവേശത്തിന്റെ വേരുകൾ എവിടെയാണെന്ന് തിരിച്ചറിയുന്ന തരത്തിലുള്ള പരിസ്ഥിതി വിദ്യാഭ്യാസമാണുണ്ടാകേണ്ടത്. നമുക്ക് കണ്ടെത്തേണ്ടത് സാമൂഹികശാസ്ത്രപരവും രാഷ്ട്രീയവുമായ പരിഹാരങ്ങളാണ്. പാരിസ്ഥിതിക പരിഹാരങ്ങൾ പ്രായോഗിക തലത്തിൽ മാത്രമാണ് വേണ്ടത്**

ഇക്കോ ടൂറിസം വിനോ സഞ്ചാരികളിൽ മാറ്റമുണ്ടാക്കുന്നുണ്ട്.

**ശബരിമലയിലും താങ്കൾ ചില ഇടപെടലുകൾ നടത്തിയിട്ടുണ്ടല്ലോ. പശ്ചിമഘട്ടം നേരിടുന്ന വലിയ ഭീഷണിയായി ശബരിമല മാറുകയാണല്ലോ. എന്താണ് നിർദ്ദേശിക്കാനുള്ളത്?**

50 ലക്ഷം ആളുകൾ വനമേഖലയിലേക്ക് എത്തുന്നു എന്നതുതന്നെയാണ് ശബരിമലയിലെ പ്രശ്നം. തീർത്ഥാടകരുടെ എണ്ണം നിയന്ത്രിക്കുക എന്നത് പ്രധാനമായിത്തീർന്നിരിക്കുന്നു. തീർത്ഥാടകരെ നിയന്ത്രിക്കുകയും മാലിന്യങ്ങൾ ഉപേക്ഷയില്ലാതെ കൈകാര്യം ചെയ്യുകയും ചെയ്താൽ ശബരിമല സൃഷ്ടിക്കുന്ന ആഘാതം കുറയ്ക്കാൻ കഴിയും. അത്തരത്തിലുള്ള ശ്രമമാണ് ഞങ്ങൾ നടത്തിയത്. തമിഴ്നാട്ടിൽ നിന്നും ഒരുപാട് സ്വാമിമാരെ ശബരിമലയ്ക്ക്

കൊണ്ടുവരുന്ന ഗുരുസ്വാമിമാരെ കണ്ടെത്തി പെരിയാർ ടൈഗർ റിസർവിന്റെ ആഭിമുഖ്യത്തിൽ ഞങ്ങൾ ഒരു ട്രെയിനിംഗ് പരിപാടി നടത്തി. പങ്കെടുത്തമിക്കവരും 25ൽ അധികം സ്വാമിമാരെ എല്ലാവർഷവും കൊണ്ടുവരുന്ന ഗുരുസ്വാമിമാരാണ്. പന്തളം രാജാവായിരുന്നു ക്യാമ്പ് ഉദ്ഘാടനം ചെയ്തത്. മാലിന്യത്തിന്റെ പ്രശ്നം എങ്ങനെ കുറയ്ക്കാമെന്നായിരുന്നു പ്രധാനമായും ക്യാമ്പിൽ ചർച്ച ചെയ്തത്. പ്ലാസ്റ്റിക് കുപ്പികൾ കാട്ടിൽ ഉപേക്ഷിക്കില്ലെന്നും കുടിവെള്ളം ശേഖരിക്കാനുള്ള കുപ്പി കൈയിൽ കരുതാമെന്നും ആ സംഘം ഉറപ്പുനൽകി. കുപ്പി കരുതുകയാണെങ്കിൽ കുടിവെള്ളം നിറയ്ക്കാനുള്ള സൗകര്യങ്ങളൊരുക്കാമെന്ന് ഞങ്ങളും സമ്മതിച്ചു. ചില അനാചാരങ്ങളുടെ പ്രശ്നവും ഞങ്ങൾ ഉന്നയിച്ചിരുന്നു. ഉദാഹരണമായി, പമ്പാദാനം എന്ന അനാചാരം. പമ്പാദാനമെന്ന പേരിൽ മലയിറങ്ങിവരുന്ന അയ്യപ്പന്മാർ അവരുടെ വസ്ത്രങ്ങൾ പമ്പയിൽ ഉപേക്ഷിക്കുന്ന പരിപാടി എങ്ങനെയോ ശബരിമലയിലെ ആചാരങ്ങളുടെ കൂട്ടത്തിൽ വന്നുപെട്ടു. പരമ്പരാഗത ആചാരങ്ങളിൽ ഇല്ലാത്ത പരിപാടിയാണിത്. അയ്യപ്പന്മാർ വസ്ത്രങ്ങൾ പമ്പയിൽ ഉപേക്ഷിക്കാൻ തുടങ്ങിയതോടെ പുഴയിലെ നീരൊഴുക്ക് നിലച്ചു, പുഴ പൂർണ്ണമായും മലിനമായി. ഇത്തരം അനാചാരങ്ങൾ ഇല്ലാതാക്കുന്നതിനുള്ള ബോധവത്കരണവും നടത്തി. തിരുപ്പതിയിലേതുപോലെയുള്ള ഒരു മാനേജ്മെന്റ് സംവിധാനമാണ് ശബരിമലയിൽ വേണ്ടത്. ശബരിമല ശുദ്ധമായി നിലനിൽക്കേണ്ടത് വിശ്വാസത്തിന്റെ ഭാഗമായി മാറണം. അയ്യപ്പൻ ഇരിക്കുന്നത് കടുവയുടെ പുറത്താണ്. കടുവ ജൈവവൈവിധ്യത്തിന്റെ പ്രതീകമാണ്. ജൈവവൈവിധ്യത്തിൽ നിന്നും ഉത്ഭൂതമാകുന്ന ഒരു ദേവസ്ഥാനമാണ് ശബരിമല. ആ ജൈവവൈവിധ്യത്തിന്റെ സുസ്ഥിതിയാണ് അയ്യപ്പന്റെയും സുസ്ഥിതി. ആ ബന്ധം ഭക്തന്മാരെ ബോധ്യപ്പെടുത്തണം. പെരിയാർ കടുവാ സങ്കേതത്തിൽ ശബരിമല തീർത്ഥാടനം നിയന്ത്രിക്കുന്നതിനുള്ള ഒരു ഇ.ഡി.സി (ഇക്കോ ഡവലപ്മെന്റ് കമ്മിറ്റി) ഉണ്ട്. ശബരിമല അയ്യപ്പ പൂങ്കാവന പുനരുദ്ധാരണ ഇ.ഡി.സി (സാപ്). തീർത്ഥാടകർ സൃഷ്ടിക്കുന്ന മലിനീകരണം കുറയ്ക്കുന്നതിനും കച്ചവടക്കാരുടെ അനാവശ്യ ഇടപെടൽ വനമേഖലയിൽ തടയുന്നതിനും അവർ കാര്യക്ഷമമായി ഇടപെടുന്നുണ്ട്. എന്തൊക്കെപ്പറഞ്ഞാലും എണ്ണം നിയന്ത്രിച്ചുള്ള കടത്തിവിടൽ തന്നെയാണ് ആത്യന്തികമായ പരിഹാരം.

**പാരിസ്ഥിതിക അവബോധം വർദ്ധിച്ചു എന്ന് പറയുന്ന കാലമാണെങ്കിലും പശ്ചിമഘട്ടത്തിന്റെ അവസ്ഥ മോശമായിക്കൊണ്ടിരിക്കുകയാണ്. പരിസ്ഥിതിക്ക് വേണ്ടി നിൽക്കാൻ ആളുകൾ കൂടിയെങ്കിലും പശ്ചിമഘട്ടത്തിന് ക്ഷീണമുണ്ടാകാൻ കാരണമെന്താണ്?**

പശ്ചിമഘട്ടത്തിന്റെ മാത്രം പ്രശ്നമല്ല അത്. ലോകത്തെമ്പാടും പ്രകൃതിവിഭവ ചൂഷണം കൂടിവരുകയാണ്. ഭരണകൂടങ്ങൾ ദുർബലമാവുകയും കോർപ്പറേറ്റുകൾ ശക്തമാവുകയും ചെയ്യുന്നതിന്റെ പ്രശ്നമാണത്. പശ്ചിമഘട്ടത്തിലെ പ്രശ്നങ്ങൾ നമ്മൾ നേരിട്ടുകാണുന്നു എന്നുമാത്രം. വിഭവ ചൂഷണത്തിന് കോർപ്പറേറ്റുകളാണ് നേതൃത്വം നൽകുന്നത്. ഗ്ലോബലൈസേഷന് സമാന്തരമായി ഒരു ലോക്കലൈസേഷൻ ഉയർന്നുവരുക എന്നതാണ് അതിന് പരിഹാരം. പാരിസ്ഥിതിക അവബോധം കൂടി എന്നതുകൊണ്ടുമാത്രം പരിഹരിക്കാൻ കഴിയുന്ന പ്രശ്നമല്ല അത്. പശ്ചിമഘട്ടത്തിന് മേൽ, പ്രകൃതിവിഭവങ്ങൾക്ക് മേൽ പുതിയ സമ്മർദ്ദങ്ങൾ രൂപപ്പെട്ടുകൊണ്ടിരിക്കുന്ന ആഗോള വ്യവസ്ഥിതിയാണ് നിലനിൽക്കുന്നത്. പ്രകൃതിവിഭവങ്ങൾക്ക് മേലുള്ള അധിനിവേശത്തിന്റെ വേരുകൾ എവിടെയാണെന്ന് തിരിച്ചറിയുന്ന തരത്തിലുള്ള പരിസ്ഥിതി വിദ്യാഭ്യാസമാണുണ്ടാകേണ്ടത്. നമുക്ക് കണ്ടെത്തേണ്ടത് സാമൂഹികശാസ്ത്രപരവും രാഷ്ട്രീയവുമായ പരിഹാരങ്ങളാണ്. പാരിസ്ഥിതിക പരിഹാരങ്ങൾ പ്രായോഗിക തലത്തിൽ മാത്രമാണ് വേണ്ടത്. ഭരണകൂടങ്ങൾക്ക് ദീർഘകാല ലക്ഷ്യങ്ങളില്ലാത്തതിനാൽ പരിഹാരങ്ങൾ അവരുടെ പക്ഷത്ത് നിന്നും പ്രതീക്ഷിക്കേണ്ടതില്ല. ചിന്തിക്കുന്ന ജനസമൂഹത്തിൽ നിന്നാണ് പരിഹാരങ്ങളുണ്ടാകേണ്ടത്. എൻ.ജി.ഒകൾ പലതും പ്രശ്നങ്ങൾ പരിഹരിക്കാനെത്തുന്നുണ്ട്. എന്നാൽ അവർ മുതലെടുക്കുന്നത് ഭരണകൂടത്തിന്റെ പ്രാപ്തിക്കുറവിനെയാണ്. നിലവിലുള്ള സംവിധാനങ്ങൾ അപര്യാപ്തമായി തുടരേണ്ടുന്നത് അവരുടെ ആവശ്യമാണ്. കടുവാ സംരക്ഷണത്തിന്റെ കാര്യത്തിൽ സർക്കാർ പര്യാപ്തമല്ല എന്ന് പറയുന്നതുകൊണ്ട് വാല്മീകി ഥാപ്പറിനും ഉല്ലാസ് കാരന്തിനും പല താത്പര്യങ്ങളുമുണ്ട്. ആ അപര്യാപ്തത പരിഹരിക്കുന്നതിനാണ് അവർ ഫണ്ട് വാങ്ങുന്നത്. ജനങ്ങളിൽ നിന്നും പരിഹാരങ്ങൾ ഉയർന്നുവരേണ്ടുന്നതിന്റെ പ്രാധാന്യം അതാണ്.

## ഗാഡ്ഗിൽ റിപ്പോർട്ട് ചർച്ചയും പശ്ചിമഘട്ടം ലക്കം പ്രകാശനവും

പശ്ചിമഘട്ട പരിസ്ഥിതി വിദഗ്ധ സമിതി (ഗാഡ്ഗിൽ) റിപ്പോർട്ടിന്റെ ഉള്ളടക്കത്തെക്കുറിച്ച് ഉയർന്നുവന്നിരിക്കുന്ന ആശങ്കകൾ ചർച്ച ചെയ്യുന്നതിനായി കേരളീയവും ഈരാറ്റുപേട്ടയിലെ മുസ്ലീം ഗേൾസ് ഹയർസെക്കൻഡറി സ്കൂളിലെ സാഫ് നേച്ചർ ക്ലബ്ബും ചേർന്ന് കോട്ടയം ജില്ലയിലെ ഭരണങ്ങാനം അസ്സീസി ഹാളിൽ വച്ച് 2012 ഡിസംബർ 8ന് ചർച്ച സംഘടിപ്പിച്ചു. റിപ്പോർട്ട് യാഥാർത്ഥ്യമായാൽ, പശ്ചിമഘട്ടത്തോട് ചേർന്ന് കിടക്കുന്ന ജനവാസകേന്ദ്രങ്ങളിൽ നിന്നും ജനങ്ങൾ ഒഴിഞ്ഞുപോകേണ്ടി വരുമെന്നും കൃഷി അസാധ്യമാകുമെന്നും വികസനപ്രവർത്തനങ്ങൾ മുരടിക്കുമെന്നുമുള്ള ആശങ്കകൾ കേരളത്തിൽ വ്യാപകമാവുകയും മുഖ്യമായും മലയോര കർഷകസമൂഹം ഈ ആശങ്കകൾ മുന്നോട്ടുവച്ച് പ്രത്യക്ഷ സമരത്തിൽ ഇറങ്ങുകയും ചെയ്ത പശ്ചാത്തലത്തിലാണ് ചർച്ച ഒരുക്കിയത്. പശ്ചിമഘട്ട വിദഗ്ധ സമിതി അംഗം ഡോ. വി.എസ്. വിജയൻ, ഡോ. ടി.വി. സജീവ് (കേരള വനഗവേഷണ സ്ഥാപനം, പീച്ചി), ഫാ. സെബാസ്റ്റ്യൻ കൊച്ചുപുര (കൺവീനർ, ഹൈറേഞ്ച് സംരക്ഷണസമിതി), മുൻ എം.എൽ.എ മാത്യു സ്റ്റീഫൻ, ഫാ. അഗസ്റ്റിൻ വട്ടോലി (സാമൂഹിക പ്രവർത്തകൻ), സണ്ണി പൈകട (സാമൂഹിക പ്രവർത്തകൻ/കർഷകൻ), ജോർജ്ജ് ബ്രൂണോ (എഡിറ്റർ, സ്പാർട്ടക്കസ് മാസിക), ഡോ. എ. ലത (പരിസ്ഥിതി പ്രവർത്തക) കെ.എം. സുലൈമാൻ (പരിസ്ഥിതി പ്രവർത്തകൻ), മലയോര കർഷക സംഘടനാ പ്രതിനിധികൾ, രാഷ്ട്രീയപ്രവർത്തകർ, മുസ്ലീം ഗേൾസ് ഹയർസെക്കൻഡറി സ്കൂളിലെ വിദ്യാർത്ഥിനികൾ തുടങ്ങിയവർ പങ്കെടുത്തു. കേരളീയം പശ്ചിമഘട്ടം പ്രത്യേകലക്കം/14-ാം പിറന്നാൾ പതിപ്പ് ഡോ. വി.എസ്. വിജയൻ, മാത്യു സ്റ്റീഫന് നൽകി പ്രകാശനം ചെയ്തു.